A

612

# അർദ്ധവാർഷിക മൂല്യനിർണയം 2017–18

## മലയാളം

ക്ലാസ് - 6 | അടിസ്ഥാന പാഠാവലി | സമയം: 2 മണിക്കൂർ

**നിർദേശങ്ങൾ**

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപ് പതിനഞ്ചു മിനിറ്റ് സമയം ചോദ്യങ്ങൾ വായിച്ചു മനസിലാക്കുവാനുള്ളതാണ്
2. നൽകിയിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

---

### പ്രവർത്തനം : 1 കുറിപ്പ് തയാറാക്കുക

താഴെ കൊടുത്തിട്ടുള്ള ശൈലികളിൽ ഏതെങ്കിലും ഒന്നിനെ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

1. ഉരുളയ്ക്കുപ്പേരി
2. ഒരു വെടിക്കു രണ്ടു പക്ഷി
3. കരയുന്ന കുഞ്ഞിനേ പാലുള്ളൂ

### പ്രവർത്തനം - 2 - അഭിപ്രായക്കുറിപ്പ്

'പുഴയോരത്തുകൂടി നടക്കുമ്പോൾ അയാളുടെ മനസ്സ് പലവിധ വിചാരങ്ങളിൽ മുഴുകി. പുഴ പോലെയാണ് തന്റെ ജീവിതം. രണ്ടും മുന്നോട്ട് ഒഴുകുന്നു. ചുഴികളും കയങ്ങളും അടിയൊഴുക്കുകളും...... അങ്ങനെയങ്ങനെ...... പുഴ സമുദ്രത്തിലേക്ക് ഒഴുകിയടുക്കുന്നു. ഉപ്പിൽ ലയിക്കാൻ അമ്മയുടെ സ്നേഹത്തിന്റെ ഉപ്പറിയാത്ത താൻ ഉപ്പും പേറി നടക്കുന്നു. കൊറ്റിന് ഉപ്പു വിൽക്കുന്നവൻ 'ഉപ്പുകൊറ്റൻ......'

- അടിവരയിട്ട പ്രയോഗങ്ങൾ ഉപ്പുകൊറ്റന്റെ പ്രധാന സംഭവങ്ങളെ സൂചിപ്പിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക.

### പ്രവർത്തനം - 3 പ്രതികരണക്കുറിപ്പ്

"വീതിയുള്ള ഈ നടയിൽ അഞ്ചാൾക്ക് കേറിപ്പോകാൻ ഇടമുണ്ട്. പിന്നെന്തിന് ഞാൻ വഴി മാറണം? എല്ലാവരും മനുഷ്യരല്ലേ, ഒരേ ചോരയല്ലേ?" 'ജീവിതത്തിന്റെ ഉപ്പ്' എന്ന കഥയിൽ ഉപ്പുകൊറ്റൻ ചോദിക്കുന്നു.

ഒരു പ്രതികരണക്കുറിപ്പ് തയാറാക്കുക.

**പ്രവർത്തനം - 4 കഥാപാത്രനിരൂപണം**

എ) ഒരു പരമ്പരയുടെ രണ്ടു കണ്ണികൾ കൂട്ടിക്കെട്ടിയാലെന്ന പോലെ പറഞ്ഞറിയിക്കാനാവാത്ത എന്തോ ഒരു സുഖം ആ സ്പർശത്തിലൂടെ രണ്ടുപേരും അനുഭവിച്ചു.

അഗ്നിഹോത്രിയുടെയും ഉപ്പുകൊറ്റന്റെയും ആദ്യസമാഗമത്തിൽ ഉണ്ടാകുന്ന അനുഭവമാണിത്.

- അഗ്നിഹോത്രി എന്ന കഥാപാത്രത്തിന് നിരൂപണം തയാറാക്കുക

ബി) നടന്നുനടന്ന് കാലുകുഴഞ്ഞിട്ടും ഞാൻ അവിടെ എത്തിയില്ല.

- കണ്ടുകണ്ട് എന്ന പദം ഉപയോഗിച്ച് ഒരു വാക്യം എഴുതുക.

**പ്രവർത്തനം - 5 ആസ്വാദനം തയാറാക്കുക**

**ഓണം**

***ഒരു ചെടിയും നട്ടുവളർത്തീ-***
***ലോണപ്പൂവെങ്ങനെ നുള്ളാൻ ?***
***ഒരുവയലും പൂട്ടി വിതച്ചീ-***
***ലോണച്ചോറെങ്ങനെയുണ്ണാൻ ?***
***ഒരു കഴി നൂൽപോലും നൂറ്റീ-***
***ലോണത്തുണിയെങ്ങനെയണിയാൻ ?***
***ഒരു കരളിൽ സ്നേഹം പാകീ-***
***ലുള്ളത്തിൽ കള്ളക്കർക്കട***
***മെങ്ങനെ പൊന്നോണംപുലരാൻ ?***

| കഴി - ഒരു ചുറ്റ് ( പഴയകാല അളവ്) |
|---|

**എൻ.വി. കൃഷ്ണവാരിയർ**

കവിത വായിച്ചല്ലോ. പൊന്നോണം പുലരാൻ തടസമായതിന്റെ കാരണങ്ങൾ കണ്ടെത്തിയില്ലേ. ആസ്വാദനം തയാറാക്കുക.

**പ്രവർത്തനം - 6 പ്രസംഗം**

പ്രശസ്ത സാഹിത്യകാരൻ തകഴി ശിവശങ്കരപ്പിള്ള തന്റെ കുട്ടിക്കാലത്തെ ഓണത്തെക്കുറിച്ച് 'ഓണം അന്നും ഇന്നും' എന്ന ലേഖനത്തിൽ പ്രതിപാദിക്കുന്നത് ഞാൻ വായിച്ചത് ഓർക്കുകയാണ്. ഓണം ആഘോഷിക്കാൻ വേണ്ട വിഭവം കിട്ടാത്തവർക്ക് അടുത്ത വീട്ടുകാർ നല്കുന്ന രീതി ഉള്ളതായി അദ്ദേഹം എഴുതിയിരിക്കുന്നു. പരസ്പരം സഹായിച്ച് ഓണം എല്ലാ വീടുകളിലും എത്തിക്കുന്ന സംസ്കാരമാണ് കൂട്ടുകാരേ ഞാൻ തകഴിയുടെ വിവരണത്തിലൂടെ വായിച്ചത്......

ഓണം **എന്റെ കാഴ്ചപ്പാടിൽ** എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഒരു പ്രസംഗ ഭാഗമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. പ്രസംഗം പൂർത്തിയാക്കുക.